## പതിനഞ്ചാം കേരള നിയമസഭ
## ആറാം സമ്മേളനം

## ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ട് കേരള നിയമസഭ 22.08.2022-ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും അണിനിരന്ന ഉജ്ജ്വലമായ ജനകീയ സമരങ്ങളുടെ ഫലമായാണ് നൂറ്റാണ്ടുകൾ നീണ്ട വൈദേശിക ആധിപത്യത്തെ തകർത്തെറിഞ്ഞ് 1947 ആഗസ്റ്റ് 15 ന് നമ്മുടെ രാജ്യം സ്വതന്ത്രമായത്. സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിന് വേണ്ടി സ്വജീവൻ അർപ്പിച്ച എല്ലാ ധീര രക്തസാക്ഷികളുടെയും സ്മരണകൾക്കു മുന്നിൽ സ്വാതന്ത്ര്യലബ്ധിയുടെ ഈ 75-ാം വാർഷികത്തിൽ കേരള നിയമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര ത്തിനു വേണ്ടി പൊരുതിയതിന്റെ പേരിൽ രാജ്യത്തൊട്ടാകെയുള്ള വിവിധ ജയിലുകളിൽ അടയ്ക്കപ്പെട്ട് കൊടിയ പീഢനങ്ങളും യാതന കളും നേരിടേണ്ടിവന്ന അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ എല്ലാ സ്വാതന്ത്ര സമരസേനാനികളെയും അവരുടെ സംഭാവനകളെയും കേരള നിയമസഭ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളെയും അവയുടെ സമ്പന്നമായ സംസ്കാരങ്ങളെയും നിരവധി ഭാഷകളെയും വ്യത്യസ്ത ധാരക ളിൽപ്പെട്ടതും സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിച്ചതുമായ ഇവിടത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മത വിശ്വാസികളെയും മത വിശ്വാസികളല്ലാത്തവരെയും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു മഹത്തായ നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനം എന്ന് കേരള നിയമസഭ ഓർമ്മിക്കുന്നു. അതിൽ പങ്കെടുത്ത ആദിവാസികൾ, ദളിതർ, യുവജന ങ്ങൾ, വിദ്യാർത്ഥികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളെയും ഈ സഭ അഭിവാദ്യം ചെയ്യുന്നു. അവരുടെ ബഹുജനപ്രക്ഷോഭങ്ങൾ മുന്നോട്ടുവച്ചതും ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനമാകെ ഉയർത്തിപ്പിടിച്ചതുമായ മൂല്യങ്ങൾ

അടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണത്തിനായി നിലകൊള്ളാൻ പ്രതിജ്ഞാബദ്ധമാണ് ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും.

വൈദേശിക ആധിപത്യത്തിന് അവസാനം കുറിക്കാൻ തക്കവണ്ണം ഇന്ത്യയുടെ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ശക്തി പകർന്നത് സർവ്വരെയും ഉൾക്കൊള്ളുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ മഹത്തായ കാഴ്ചപ്പാടായിരുന്നു എന്ന് കേരള നിയമസഭ ഊന്നിപ്പറയുന്നു. ഇന്നും അത്തരം കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായ നീക്കങ്ങൾ രാജ്യത്താകമാനം നടക്കുന്നുവെന്നും പലതിന്റെയും പേരിൽ ഇന്ത്യൻ ജനതയെ ചേരിതിരിക്കാനും നമ്മുടെ ഒരുമയെ തകർക്കാനും നടത്തപ്പെടുന്ന ശ്രമങ്ങൾക്ക് പിന്നിലുള്ളത് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളിൽ അണിചേരാതിരുന്ന ശക്തികളാണെന്നും ഈ സഭ പ്രസ്താവിക്കുന്നു. അവയെ ചെറുക്കേണ്ടതും അവയുടെ ശ്രമങ്ങളെ പരാജയപ്പെടുത്തേണ്ടതും ഇന്ത്യയെ ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കായി നിലനിർത്തേണ്ടതിന് ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് കേരള നിയമസഭ കരുതുന്നു.

അതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും സ്വതന്ത്ര ഇന്ത്യക്കായി പൊരുതിയ ധീരദേശാഭിമാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമെന്നും ഇന്ന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന യാതനകളിൽ നിന്ന് അവർക്ക് മോചനം നേടിയെടുക്കാനുള്ള ഇടപെടലുകൾ നടത്തുമെന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ കേരള നിയമസഭയിലെ ഓരോ അംഗവും പ്രതിജ്ഞ എടുക്കുന്നു.

തിരുവനന്തപുരം, എ.എം.ബഷീർ,
22.08.2022 സെക്രട്ടറി.